പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 764 — 23.07.2012 ൽ മറുപടിക്ക്

## സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പ്

**ചോദ്യം**

ശ്രീ. ഐ.സി. ബാലകൃഷ്ണൻ

,, ഡൊമിനിക് പ്രസന്റേഷൻ

,, പി. എ. മാധവൻ

**മറുപടി**

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി

(എ) സംസ്ഥാനത്തെ സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പുകളുടെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തനരീതിയും വിശദമാക്കുമോ;

(എ) സ്കൂൾ കുട്ടികളുടെ സുരക്ഷിതത്വം ഉറപ്പു വരുത്തുക, സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങളിൽ നിന്നും കുട്ടികളെ സംരക്ഷിക്കുക, കുട്ടികളിൽ ട്രാഫിക് ബോധവൽക്കരണം നടത്തുക, ലഹരി പദാർത്ഥങ്ങൾ, പുകയില ഉൽപ്പന്നങ്ങൾ, അശ്ലീല പുസ്തകങ്ങൾ എന്നിവയുടെ വിൽപ്പന സ്കൂളുകളിലും പരിസരങ്ങളിലും തടയുക, ലൈംഗിക ചൂഷണത്തെക്കുറിച്ചും, സൈബർ കുറ്റകൃത്യങ്ങളെക്കുറിച്ചും കുട്ടികളെ ബോധവാന്മാരാക്കുക എന്നീ ഉദ്ദേശലക്ഷ്യങ്ങളോടെ വിദ്യാഭ്യാസ വകുപ്പിന്റെ സഹകരണത്തോടെയാണ് ''സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പ്'' സംസ്ഥാനത്തെ സ്കൂളുകളിൽ പ്രവർത്തിച്ചു വരുന്നത്.

സാമൂഹ്യപ്രതിബദ്ധതയുള്ള കുട്ടികളെ വാർത്തെടുക്കുന്നതിനായി ഒരു സന്നദ്ധ സേവനം എന്ന നിലയിലാണ് സ്കൂളുകളിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കി വരുന്നത്. അതാത് സ്കൂളുകളിലെ പ്രഥമ അദ്ധ്യാപകനോ പി.ടി.എ. പ്രസിഡന്റോ ആണ് സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പിന്റെ ചുമതല വഹിക്കുന്നത്. അതാത് സ്റ്റേഷൻ ഹൗസ് ഓഫീസർമാർ കൺവീനറായും, തെരഞ്ഞെടുത്ത ഒരു പോലീസുദ്യോഗസ്ഥൻ ജോയിന്റ് കൺവീനറായും പ്രവർത്തിച്ച് വരുന്നു. വാർഡ് മെമ്പർ/കൗൺസിലർ, സ്കൂൾ ലീഡർ, രക്ഷകർത്താക്കൾ, അദ്ധ്യാപകർ, സ്റ്റുഡന്റ്

| | | | |
|---|---|---|---|
| | | | പോലീസ് കേഡറ്റിലെ അംഗങ്ങൾ തുടങ്ങിയവർ ഇതിലെ അംഗങ്ങളായി പ്രവർത്തിക്കുന്നുണ്ട്. സംസ്ഥാന ജില്ലാതലങ്ങളിലുള്ള സ്റ്റിയറിംഗ്, അക്കാഡമിക് കമ്മിറ്റികളുടെ വിശദാംശം അനുബന്ധം I ആയി ചേർത്തിട്ടുണ്ട്. |
| (ബി) | എത്ര സ്കൂളുകളിൽ ഇത് പ്രവർത്തിച്ചുവരുന്നുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) | സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പുകൾ 2669 സ്കൂളുകളിൽ പ്രവർത്തിക്കുന്നുണ്ട്. സ്കൂളുകളുടെ എണ്ണം ജില്ല തിരിച്ച് അനുബന്ധം II ആയി ചേർത്തിരിക്കുന്നു. |
| (സി) | ആരുടെയെല്ലാം സഹകരണത്തോടെയാണ് പ്രസ്തുത ഗ്രൂപ്പുകൾ പ്രവർത്തിക്കുന്നത്; വിശദമാക്കുമോ; | (സി) | പോലീസ്, റവന്യൂ, ചൈൽഡ്‌ലൈൻ, സാമൂഹ്യക്ഷേമ വകുപ്പ്, ആരോഗ്യ വകുപ്പ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ വകുപ്പ് കൂടാതെ എൻ.സി.സി., എസ്.പി.സി., ജെ.ആർ.സി., സ്ക്കൗട്ട് & ഗൈഡ്, എസ്.പി.ജി., പി.ടി.എ എന്നിവരുടെ സഹകരണത്തോടുകൂടിയാണ് പ്രവർത്തിക്കുന്നത്. |
| (ഡി) | എല്ലാ സ്കൂളുകളിലും ഇതിന്റെ പ്രവർത്തനം വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | പുകയില ഉൽപന്നങ്ങളുടെ ഉൽപാദനം, പരസ്യം, വിതരണം, വിൽപന എന്നിവ നിയന്ത്രിക്കുന്നതിനായുള്ള നിയമത്തിന്റെയും ചട്ടങ്ങളുടെയും നടത്തിപ്പിനായി സ്കൂൾ തലവൻ ചെയർപേഴ്സണായും, പി.ടി.എ പ്രസിഡന്റ്, മദർ പി.ടി.എ. പ്രസിഡന്റ്, പി.ടി.എ.യുടെ ടീച്ചർ കോ-ഓർഡിനേറ്റർ, അധികാര പരിധിയിലുള്ള സ്റ്റേഷൻ ഹൗസ് ഓഫീസർ, സ്കൂൾ ലീഡർ എന്നിവർ അംഗങ്ങളായുമുള്ള സ്കൂൾ പ്രൊട്ടക്ഷൻ കമ്മിറ്റി എല്ലാ വിദ്യാലയങ്ങളിലും രൂപീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം - I

### സംസ്ഥാനതല സ്റ്റീയറിംഗ് കമ്മിറ്റി

| | | | |
|---|---|---|---|
| ചെയർമാൻ | : | മുഖ്യമന്ത്രി | |
| വൈസ് ചെയർമാൻ | : | വിദ്യാഭ്യാസം<br>ആരോഗ്യം<br>സാമൂഹ്യക്ഷേമം<br>പഞ്ചായത്ത്<br>ആഭ്യന്തരം<br>പ്രതിപക്ഷ നേതാവും | വകുപ്പ് മന്ത്രിമാർ |
| അംഗങ്ങൾ | : | വിദ്യാഭ്യാസം<br>ആരോഗ്യം<br>സാമൂഹ്യക്ഷേമം<br>പഞ്ചായത്ത്<br>ആഭ്യന്തരം<br>സംസ്ഥാന ചൈൽഡ്<br>പ്രൊട്ടക്ഷൻ കമ്മീഷൻ - ചെയർമാൻ | വകുപ്പുകളുടെ സെക്രട്ടറിമാരും, ഡയറക്ടർമാരും ഡിജിപിയും |
| മുഖ്യ കോ ഓർഡിനേറ്റർ | : | ചീഫ് സെക്രട്ടറി | |
| സംസ്ഥാന കോ ഓർഡിനേറ്റർ | : | സെക്രട്ടറി ജനറൽ എഡ്യുക്കേഷൻ | |
| ലീഗൽ അഡ്വൈസർ | : | ലീഗൽ സർവ്വീസ് അതോറിറ്റി | |

### ജില്ലാതല സ്റ്റീയറിംഗ് കമ്മിറ്റി

| | | |
|---|---|---|
| ചെയർമാൻ | : | മേയർ / ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് |
| വൈസ് ചെയർമാൻ | : | എല്ലാ എം.പിമാരും, എം.എൽ.എ മാരും, മുൻസിപ്പൽ ചെയർമാൻമാരും |
| അംഗങ്ങൾ | : | ജില്ലാ കളക്ടർ, സൂപ്രണ്ട് ഓഫ് പോലീസ്, ഡി.എം.ഒ, ഡിഡിഇ, ഡിഡി സാമൂഹ്യക്ഷേമം, മഹിള സമഖ്യ, ശിശുക്ഷേമ സമിതി. |
| മുഖ്യ കോ ഓർഡിനേറ്റർ | : | ജില്ലാ കളക്ടർ |
| ജില്ല കോ ഓർഡിനേറ്റർ | : | വിദ്യാഭ്യാസ ഉപഡയറക്ടർ |
| ലീഗൽ അഡ്വൈസർ | : | ലീഗൽ സർവ്വീസ് അതോറിറ്റി |

## സംസ്ഥാനതല അക്കാദമിക് കമ്മിറ്റി

ചെയർമാൻ : പൊതു വിദ്യാഭ്യാസ ഡയറക്ടർ

വൈസ് ചെയർമാൻ : ഡയറക്ടർ എസ്.സി.ഇ.ആർ.ടി
അഡീഷണൽ പൊതു വിദ്യാഭ്യാസ ഡയറക്ടർ
ജോയിന്റ് ഡയറക്ടർ (അക്കാദമിക്)

കൺവീനർ : വിദ്യാഭ്യാസ ഉപഡയറക്ടർ (എംപ്ലോയ്മെന്റ്)

മെമ്പർ : ഐ.എം.എ ഭാരവാഹി

സൈക്യാട്രിസ്റ്റ്

ക്ലിനിക്കൽ സൈക്കോളജിസ്റ്റ്

Dr. ശശികുമാർ പുറമേരി. പി.എച്ച്.ഡി
(അഡോളസന്റ് എഡ്യൂക്കേഷൻ)

Dr. മെഹറൂഫ് രാജ് . എം.ഡി
(ജനറൽ മെഡിസിൻ)

ശ്രീമതി സീമ ഭാസ്കർ. മഹിള സമാഖ്യ സൊസൈറ്റി

മധുസൂദനൻ. എസ്.സി.ഇ.ആർ.ടി

## ജില്ലാതല അക്കാദമിക് കമ്മിറ്റി

ചെയർമാൻ : വിദ്യാഭ്യാസ ഉപഡയറക്ടർ

വൈസ് ചെയർമാൻ : ഡയറ്റ് പ്രിൻസിപ്പാൾ
ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ

കൺവീനർ : അദ്ധ്യാപകൻ / അദ്ധ്യാപിക

മെമ്പർ : സ്കൂൾ തല കോ ഓർഡിനേറ്റർമാർ

പ്രധാന അദ്ധ്യാപക പ്രതിനിധി

ക്ലിനിക്കൽ സൈക്കോളജിസ്റ്റ്

സൈക്യാട്രിസ്റ്റ്

ഡയറ്റ് ഫാക്കൽട്ടി

സ്കൗട്ട് ഗൈഡ് സെക്രട്ടറിമാർ. ജെആർസി ജില്ലാ സെക്ര
എസ്.പി.ഡി. എൻ.സി.സി ജില്ലാതല ചുമതലക്കാർ

സെക്ഷൻ ഓഫീസർ

[illegible]



സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പുകൾ പ്രവർത്തിക്കുന്ന സ്കൂളുകളുടെ എണ്ണം ജില്ല തിരിച്ച് ചുവടെ ചേർത്തിരിക്കുന്നു.

| ക്രമ. നം. | ജില്ല | SPG യുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം സിറ്റി | 71 |
| 2 | തിരുവനന്തപുരം റൂറൽ | 94 |
| 3 | കൊല്ലം സിറ്റി | 104 |
| 4 | കൊല്ലം റൂറൽ | 53 |
| 5 | പത്തനംതിട്ട | 53 |
| 6 | ആലപ്പുഴ | 130 |
| 7 | കോട്ടയം | 445 |
| 8 | ഇടുക്കി | 164 |
| 9 | എറണാകുളം സിറ്റി | 64 |
| 10 | എറണാകുളം റൂറൽ | 190 |
| 11 | തൃശ്ശൂർ സിറ്റി | 73 |
| 12 | തൃശ്ശൂർ റൂറൽ | 229 |
| 13 | പാലക്കാട് | 105 |
| 14 | മലപ്പുറം | 256 |
| 15 | കോഴിക്കോട് സിറ്റി | 151 |
| 16 | കോഴിക്കോട് റൂറൽ | 136 |
| 17 | വയനാട് | 53 |
| 18 | കണ്ണൂർ | 238 |
| 19 | കാസർഗോഡ് | 60 |
| ആകെ | | **2669** |

സെക്ഷൻ ഓഫീസർ